ഹദീസ്

ഡോ. കെ. മുഹമ്മദ് പാണ്ടിക്കാട്

# ഖുർആൻ വഴി ഉയർത്തപ്പെടുന്നവർ, താഴ്ത്തപ്പെടുന്നവർ

عَنْ عُمَرَ بْنِ الخَطَّابِ رَضِي اللهُ عَنْهُ قَالَ: قَالَ رَسُولُ اللهِ صَلَّى اللهُ عَلَيهِ وَسَلَّمَ : "إِنَّ اللَّهَ يَرْفَعُ بِهٰذا الكِتَابِ أَقْوَامًا، وَيَضَعُ بِهِ آخَرِينَ" (رَوَاهُ مُسْلِم)

*ഉമറുബ്നുൽ ഖത്ത്വാബി(റ)ൽ നിന്ന്: അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു: " ഈ ഗ്രന്ഥം മുഖേന അല്ലാഹു ചില ജനവിഭാഗങ്ങളെ ഉയർത്തുകയും ചിലരെ താഴ്ത്തുകയും ചെയ്യും" (മുസ്‌ലിം).*

വിശുദ്ധ ഖുർആൻ മനുഷ്യ സമൂഹത്തിലുണ്ടാക്കുന്ന രണ്ട് തരം മാറ്റങ്ങളെയാണ് ഈ ഹദീസിൽ ചൂണ്ടിക്കാണിക്കുന്നത്. ഖുർആന്റെ വെളിച്ചം സ്വീകരിച്ച് നേർപാതയിലൂടെ സഞ്ചരിക്കുന്നവർക്ക് ഇരു ലോകത്തും ക്ഷേമവും മോക്ഷവും ലഭിക്കും. ഖുർആൻ കൈയിലുണ്ടായിരിക്കെ അതിനെ അവഗണിക്കുകയും ധിക്കരിക്കുകയും ചെയ്യുന്നവർക്ക് ഇരു ലോകത്തും ശിക്ഷയും ദുരിതങ്ങളുമാണുണ്ടാവുക. ഇതാണ് ഹദീസിന്റെ പൊരുൾ.

ഈ പ്രവാചക വചനത്തെ വിശദീകരിച്ച് ഇമാം നവവി (റ) എഴുതി: "ഖുർആൻ പാരായണം ചെയ്യുകയും പഠിക്കുകയും ചെയ്യുന്നവരിൽ ഒരു വിഭാഗത്തെ ഇഹത്തിലും പരത്തിലും അല്ലാഹു ഉയർത്തും. മറ്റൊരു വിഭാഗത്തെ ഇഹത്തിലും പരത്തിലും അല്ലാഹു വീഴ്ത്തും. ആരൊക്കെയാണവർ ? ഖുർആൻ പഠിച്ച് ജീവിതത്തിലുടനീളം പകർത്തുന്നവരാണ് ഇഹപര വിജയം നേടുക. കാരണം, വിശുദ്ധ ഖുർആൻ വിജ്ഞാനത്തിന്റെ സാഗരമാണ്. അല്ലാഹു പറഞ്ഞില്ലേ, "നിങ്ങളിൽനിന്ന് സത്യവിശ്വാസം സ്വീകരിച്ചവരുടെയും അറിവു നൽകപ്പെട്ടവരുടെയും പദവികൾ അല്ലാഹു ഉയർത്തുന്നതാണ്" (58 :11).

ഇവരുടെ പരലോകത്തെ പദവികളും അല്ലാഹു ഉയർത്തും. അനുഗൃഹീത സ്വർഗത്തിൽ വെച്ച് ഇവരോട് പറയപ്പെടും: "പാരായണം ചെയ്യുക. സാവധാനം ഓതി ഓതി പടവുകൾ കയറുക."

പാരായണം തീരുന്നത് വരെ അവന് സ്വർഗമാളികകളിലേക്ക് കയറാം. ഈ മഹത്തായ അനുഗ്രഹമാണ് അല്ലാഹുവോട് നാം ചോദിക്കേണ്ടത്.

എന്നാൽ, ഖുർആൻ മുഖേന വീഴ്ത്തപ്പെടുന്നവർ ഇവരാണ്: ഖുർആൻ സുന്ദരമായി പാരായണം ചെയ്യും. പക്ഷേ, അവരുടെ അഹങ്കാരം ഖുർആന്റെ അധ്യാപനങ്ങളെ അനുഗമിക്കുന്നതിൽ നിന്ന് അവരെ തടയും. അതിലെ ചരിത്ര സത്യങ്ങളും വിധിവിലക്കുകളും അവർ തള്ളിക്കളയും. അതിലെ മുൻകാല പ്രവാചകന്മാരുടെ സംഭവ വിവരണങ്ങളും പരലോക വർത്തമാനങ്ങളും സംശയത്തോടെ വീക്ഷിക്കും. അവരുടെ ഹൃദയങ്ങളിൽ സംശയ രോഗമാണ്. അത് ചിലപ്പോൾ നിഷേധത്തോളമെത്തും. എങ്കിലും ഇവർ ഖുർആൻ ഭംഗിയായി ഓതും. പക്ഷേ, ഒരു കൽപ്പന പോലും അനുസരിക്കില്ല. ഇവരെയാണ് അല്ലാഹു പടുകുഴിയിലേക്ക് തള്ളുക. ഇഹത്തിലും പരത്തിലും പരാജിതരാണവർ. ഈ ലോകത്ത് അവർക്ക് ആഡംബര പ്രൗഢിയോടെ ജീവിക്കാനായേക്കാം. ഭൗതിക സുഖ വിഭവങ്ങൾ അവർക്ക് വാരിക്കോരി നൽകപ്പെട്ടേക്കാം. പക്ഷേ, അതെല്ലാം അവരെ കൂടുതൽ ആഴത്തിലേക്ക് വീഴ്ത്തുകയാണ് ചെയ്യുക.

ഈ വിഭാഗത്തിൽ ഉൾപ്പെടുന്നതിനെ സൂക്ഷിക്കുക. ഖുർആനിലൂടെ ഉയരങ്ങളിലേക്കെത്തുന്ന ഒന്നാം വിഭാഗത്തിലെത്താൻ ശ്രമിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ!" (ശറഹ് മുസ്‌ലിം).

ഈ ഹദീസിന്റെ വിശദീകരണമെന്നോണം

mhdpkd
@gmail.com
9497662911

അല്ലാഹുവിന്റെ റസൂൽ (സ) പറയുന്നു: "എനിക്ക് നേർമാർഗവും വിജ്ഞാനവും നൽകിയതിന്റെ ഉപമയിതാ: ഒരിടത്ത് മഴ വർഷിച്ചു. അവിടെ നല്ലൊരു നിലമുണ്ടായിരുന്നു. അത് വെള്ളമെടുത്ത് ധാരാളം പുല്ലും ചെടികളും വളർത്തി. അവിടെ തരിശ് നിലവുമുണ്ടായിരുന്നു. അത് വെള്ളം കെട്ടിനിർത്തി. അല്ലാഹു അതു മുഖേന ജനങ്ങൾക്ക് ഉപകാരം നൽകി. അവർ കുടിച്ചു. നനച്ചു. കൃഷി ചെയ്തു. ഇതേ മഴ പെയ്ത മറ്റൊരിടവുമുണ്ടായിരുന്നു. അതൊരു സമതലമായിരുന്നു. വെള്ളം കെട്ടിനിർത്തുകയോ ഒന്നും മുളപ്പിക്കുകയോ ചെയ്തില്ല. അല്ലാഹുവിന്റെ ദീനിൽ അവഗാഹം നേടി അതിനെ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്ത് എന്റെ നിയോഗത്തെ പ്രയോജനപ്പെടുത്തിയവന്റെയും, അല്ലാഹുവിന്റെ നേർമാർഗത്തിൽ നിന്ന് അശ്രദ്ധനാവുകയും ഞാൻ കൊണ്ടുവന്ന സത്യപാതയെ പിൻപറ്റാത്തവന്റെയും ഉപമകളാണിവ" (ബുഖാരി, മുസ്‌ലിം).

ഈ ഹദീസിന്റെ വ്യാഖ്യാനത്തിൽ ശൈഖ് ഇബ്നു ഉസൈമീൻ എഴുതി: "അല്ലാഹുവിന്റെ നേർമാർഗം സ്വീകരിക്കുന്നതിലും തിരസ്കരിക്കുന്നതിലും ജനങ്ങൾ മൂന്ന് തരക്കാരാണ്: സത്യപാതയെ സ്വയം പഠിച്ച് ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ജനങ്ങൾക്കത് പഠിപ്പിക്കുകയും പ്രബോധനം നടത്തുകയും ചെയ്യുന്നവരാണ് ഒരു വിഭാഗം. അതാണ് മഴവെള്ളം സ്വീകരിച്ച് വിളവുകൾ മുളപ്പിച്ച ഭൂമി.

അല്ലാഹുവിന്റെ നേർമാർഗം മനസ്സിലാക്കി ജനങ്ങൾക്കത് പ്രബോധനം ചെയ്യുന്നവരാണെങ്കിലും അത് സ്വയം ഉൾക്കൊള്ളുകയും പ്രാവർത്തികമാക്കുകയും ചെയ്യാത്തവരാണ് രണ്ടാമത്തേത്. തീരെ വിളവുകൾ ഉൽപാദിപ്പിക്കുന്നില്ലെങ്കിലും വെള്ളം പിടിച്ചുനിർത്തി, ജനങ്ങൾക്ക് ജലം നൽകുന്ന ഭൂമി കൊണ്ടുദ്ദേശ്യം ഇവരാണ്. അല്ലാഹുവിന്റെ നേർമാർഗത്തെ സ്വയം സ്വീകരിക്കുകയോ മറ്റുള്ളവരെ അറിയിക്കുകയോ ചെയ്യാത്തവരെയാണ് മഴവെള്ളമെല്ലാം ഒഴുക്കിക്കളഞ്ഞ് ഒന്നും മുളപ്പിക്കാതെ തരിശായി കിടക്കുന്ന ഭൂമികൊണ്ട് ഉപമിച്ചത്."

ഇമാം മുസ്‌ലിം നിവേദനം ചെയ്ത الْقُرْآنُ حُجَّةٌ لَكَ أَوْ عَلَيْكَ -"ഖുർആൻ നിനക്കനുകൂലമോ പ്രതികൂലമോ ആയ സാക്ഷ്യമാണ്" എന്ന ഹദീസും ഇതു തന്നെയാണ് വ്യക്തമാക്കുന്നത്.

അബൂ മൂസൽ അശ്അരി (റ) ഗവർണറായിരിക്കെ തന്റെ പ്രദേശത്തെ മുന്നൂറോളം വരുന്ന ഖുർആൻ പഠിതാക്കളെ വിളിച്ചുകൂട്ടി അവരോട് ഇപ്രകാരം പ്രസംഗിച്ചു:

"ഈ ഖുർആൻ നിങ്ങൾക്ക് ധാരാളം പ്രതിഫലം നേടിത്തരും. നിങ്ങൾക്ക് ദൈവസ്മരണ ഉണ്ടാക്കും. നിങ്ങൾക്ക് വെളിച്ചം നൽകും. അതല്ലെങ്കിൽ അത് നിങ്ങൾക്ക് ധാരാളം ശിക്ഷ നേടിത്തരും. അതിനാൽ നിങ്ങൾ ഖുർആനിനെ പിൻപറ്റുക, ഖുർആൻ നിങ്ങളെ പിൻപറ്റുകയല്ല വേണ്ടത്. തീർച്ചയായും ആരാണോ ഖുർആനിനെ പിൻപറ്റുന്നത് അവൻ സ്വർഗീയ ആരാമങ്ങളിൽ പ്രവേശിക്കും. ആരാണോ ഖുർആനിനെ പിന്നിലാക്കിയത്, ഖുർആൻ തന്നെ അവന്റെ പിരടിയിൽ പിടിച്ച് അവനെ നരകത്തിലേക്ക് തള്ളിയിടും" (*സുനനുദ്ദാരിമി*).

വിശുദ്ധ ഖുർആൻ ജീവിതത്തിൽ പകർത്തുന്നവർക്ക് മാത്രമാണ് അല്ലാഹു അവന്റെ അനുഗ്രഹങ്ങൾ വാഗ്ദാനം നൽകുന്നത്. അന്ത്യദിനത്തെ പരാമർശിച്ചപ്പോൾ നബി (സ) പറഞ്ഞു: "അത് വിജ്ഞാനം കവർന്നെടുക്കപ്പെടുമ്പോഴാണ് സംഭവിക്കുക." ഇതു കേട്ട സിയാദുബ്നു ലബീദിൽ അൻസ്വാരി: "അതെങ്ങനെയാണ് കവർന്നെടുക്കപ്പെടുക? ഞങ്ങൾ ഖുർആൻ പാരായണം ചെയ്യുന്നു. ഞങ്ങളുടെ മക്കളെയും അത് ഓതിപ്പഠിപ്പിക്കുന്നു. ഞങ്ങളുടെ മക്കൾ അവരുടെ മക്കളെയും." അപ്പോൾ നബി (സ)യുടെ പ്രതികരണം: "സിയാദേ, നിങ്ങളെന്താണ് പറയുന്നത്? മദീനയിലെ ഫുഖഹാക്കളുടെ ഗണത്തിലാണ് ഞാൻ താങ്കളെ കണക്കാക്കുന്നത്. ജൂതൻമാരും നസാറാക്കളും തൗറാത്തും ഇഞ്ചീലും പാരായണം ചെയ്യുന്നു. പക്ഷേ, അവയിൽ പറഞ്ഞതൊന്നും അവർ പ്രവർത്തിക്കുന്നില്ല" (ഇബ്നു മാജ).

വിശുദ്ധ ഖുർആന്റെ വെളിച്ചം അകത്തും പുറത്തും സ്വാംശീകരിച്ചവർക്ക് മാത്രമേ അതിന്റെ ഫലങ്ങൾ അനുഭവിക്കാനാവൂ എന്ന് ചുരുക്കം. വിളക്ക് കയ്യിലുണ്ടായിരിക്കെ ഇരുട്ടിൽ നടക്കുന്നവർ അതിനുള്ള ശിക്ഷ ഇഹത്തിലും പരത്തിലും ഏറ്റുവാങ്ങേണ്ടി വരും. ●

**ഖുർആൻ കൈയിലുണ്ടായിരിക്കെ അതിനെ അവഗണിക്കുകയും ധിക്കരിക്കുകയും ചെയ്യുന്നവർക്ക് ഇരുലോകത്തും ശിക്ഷയും ദുരിതങ്ങളുമാണുണ്ടാവുക. ഇതാണ് ഹദീസിന്റെ പൊരുൾ.**